DR. FIXIT®
WATERPROOFING EXPERT

Pidilite

# സെപ്റ്റിക് ടാങ്കിന്റെ വാട്ടർ പ്രൂഫിംഗ്



## എന്തുകൊണ്ടാണ് ഇത് സംഭവിക്കുന്നത്

- കോൺക്രീറ്റ് ആഗിരണശേഷിയുള്ള ഒരു വസ്തുവായതിനാൽ വെള്ളം ആഗിരണം ചെയ്യുകയും, അങ്ങനെ ചോർച്ചയ്ക്ക് കാരണമാകുകയും ചെയ്യാം.
- കോൺക്രീറ്റിൽ അമിതമായി ജലം ഉപയോഗിക്കുന്നത് കാരണമായി അത് ചുരുങ്ങുകയും വിള്ളലുണ്ടാകുകയും ചെയ്യുന്നു. ഇങ്ങനെയുണ്ടാകുന്ന വിള്ളലുകൾ ചോർച്ചയുടെ പ്രവേശന പോയിന്റുകളാണ്.
- മണ്ണിനടിയിലെ സെപ്റ്റിക് ടാങ്കുകൾ ബാഹ്യ സ്രോതസ്സുകളിൽ നിന്നുള്ള ജലം പ്രവേശിക്കുന്നതിന് വിധേയമാണ് (പ്രത്യേകിച്ചും മഴക്കാലത്തെ ഭൂഗർഭ ജല സമ്മർദ്ദം കാരണമായി)
- കോൺക്രീറ്റ് അയവുള്ള /കാഠിന്യമുള്ള വസ്തു ആയതിനാൽ ഘടനാപരമായ ചലനങ്ങൾ നേരിടാൻ കഴിയില്ല, അങ്ങനെ വിള്ളൽ വീഴുന്നതിന് കാരണമാകുന്നു.
- ടാങ്കിലെ സ്ഥിരമായ ജലസമ്മർദ്ദം അവയിൽ ചോർച്ചയുണ്ടാകുന്നതിന് കാരണമാകും.
- സെപ്റ്റിക് ടാങ്കുകൾ സൂക്ഷ്മാണുക്കൾക്ക് വിധേയമാണ്, അതിനാൽ പ്രതിരോധ കോട്ടിംഗ് ആവശ്യമാണ്

## പരിഹാരം

## ഡോ. ഫിക്സിറ്റ് പിഡിഫിൻ 2കെ ആന്റ് ഡോ. ഫിക്സിറ്റ് കോൾ ടാർ എപോക്സി




## ഡോ. ഫിക്സിറ്റ് പിഡിഫിൻ 2കെ ആന്റ് കോൾ ടാർ എപോക്സി എന്തുകൊണ്ട് തിരഞ്ഞെടുക്കുന്നു



1 മില്ലീമീറ്റർ ഫിലിം കനത്തിലുള്ള ഒരു പാളി സൃഷ്ടിക്കുന്നു, വെള്ളം കടന്നുപോകാൻ ഇത് അനുവദിക്കുന്നില്ല



കോൺക്രീറ്റിലും മേസ്തിരിപ്പണി കഴിഞ്ഞ പ്രതലങ്ങളിലും നന്നായി ഒട്ടിപ്പിടിക്കുന്നു



ഫ്ലെക്സിബിൾ കോട്ടിംഗ് 1 മില്ലീമീറ്റർ വരെയുള്ള വിള്ളലുകൾ 50% വരെ വിസ്തൃതിയിൽ നികത്തുന്നു



വെള്ളം പ്രവേശിക്കുന്നതിനെതിരെ മികച്ച പ്രതിരോധം



രാസവസ്തുക്കൾ, ഉരസലുകൾ എന്നിവയ്ക്കെതിരെ ഉയർന്ന പ്രതിരോധം



നിരവധി ആസിഡുകൾ, ക്ഷാരം, ലവണ ലായനികൾ, മാലിന്യങ്ങൾ, മലിനജലം എന്നിവയ്ക്കെതിരെ ഉയർന്ന പ്രതിരോധം

## പ്രയോഗിക്കേണ്ട വിധം




### സ്റ്റെപ്പ് 1എ

മണ്ണിനടിയിലെ സെപ്റ്റിക് ടാങ്കിന്: ബാഹ്യ വശം: പ്രതലം നന്നായി വൃത്തിയാക്കുക. പ്രൈമർ എന്ന നിലയിൽ ഡോ. ഫിക്സിറ്റ് ഡാംപ് പ്രൂഫ് കോട്ടിംഗും 20 ചതുരശ്ര അടി /ലിറ്റർ എന്ന കവറേജ് നിരക്കിൽ ഡോ. ഫിക്സിറ്റ് ബിറ്റുഫിക്സിന്റെ 2 കോട്ടും പ്രയോഗിച്ച് മണ്ണിനടിയിലുള്ള നിർമ്മാണം സംരക്ഷിക്കണം.




### സ്റ്റെപ്പ് 1ബി

സെപ്റ്റിക് ടാങ്കിന്: അകവശം: പ്രതലം വൃത്തിയാക്കി എല്ലാ വിള്ളലുകളും പ്രൈമർ (1 യുആർപി : 1 സിമന്റ്) ചെയ്യുക. കൂടാതെ 1:3 എന്ന സിമന്റ്–മണൽ അനുപാതത്തിൽ ഡോ. ഫിക്സിറ്റ് പിഡിക്രീറ്റ് യുആർപി (സിമന്റ് ഭാരത്തിന്റെ 10%) ഉപയോഗിച്ച് പരിഷ്കരിച്ച ചാന്തുകൊണ്ട് തകരാറുകൾ പരിഹരിക്കുകയും ചെയ്യുക.




### സ്റ്റെപ്പ് 2

ചുമരിന്റെയും തറയുടെയും മുക്കുകൾ വൃത്തിയാക്കി അവിടെ സിമന്റ്, മണൽ (1:3) എന്നിവയോട് ഡോ. ഫിക്സിറ്റ് പിഡിക്രീറ്റ് യുആർപി (സിമന്റ് ഭാരത്തിന്റെ 10%) ഉപയോഗിച്ച് ആംഗിൾ ഫില്ലറ്റ്/വാട്ട ഉണ്ടാക്കുക.




### സ്റ്റെപ്പ് 3

6 ചതുരശ്ര അടി /കിലോ എന്ന നിരക്കിൽ ഡോ. ഫിക്സിറ്റ് പിഡിഫിൻ 2കെ യുടെ 2 കോട്ട് 4–6 മണിക്കൂർ ഇടവേളയിൽ പ്രയോഗിക്കുക. ഓരോ കോട്ടും പരസ്പരം ലംബമായ ദിശയിൽ പ്രയോഗിക്കണം. ആംഗിൾ ഫില്ലറ്റ് ഭാഗത്ത് ആദ്യത്തെ കോട്ടിന് മുകളിലായി 150–മില്ലീമീറ്റർ വീതിയുള്ള 45 ജിഎസ്എം ഗ്ലാസ് ഫൈബർ മെഷ് നനഞ്ഞ അവസ്ഥയിൽ വയ്ക്കുക.




### സ്റ്റെപ്പ് 4

ഒരു ബോണ്ട് കോട്ട് (1 ഭാഗം സിമൻറ് + 1 ഭാഗം യുആർപി + 1 ഭാഗം പരുക്കൻ മണൽ) പ്രയോഗിച്ച് 4 – 6 മണിക്കൂർ ഉണങ്ങാൻ അനുവദിക്കുക.




### സ്റ്റെപ്പ് 5

മുകളിൽ ഡോ. ഫിക്സിറ്റ് പിഡിപ്രൂഫ് എൽഡബ്ല്യു+ (ഒരു ബാഗ് സിമന്റിന് 200 മില്ലി) ചേർത്ത് 12 – 15 മില്ലീമീറ്ററിന്റെ ഒരു പ്രൊട്ടക്റ്റീവ് പ്ലാസ്റ്റർ (1 ഭാഗം സിമൻറ് + 3 ഭാഗം മണൽ) പ്രയോഗിക്കുക.




### സ്റ്റെപ്പ് 6

26 ചതുരശ്ര അടി /കിലോ എന്ന നിരക്കിൽ ഡോ. ഫിക്സിറ്റ് കോൾ ടാർ എപോക്സിയുടെ അവസാനത്തെ 2 രാസ പ്രതിരോധ–സംരക്ഷണ കോട്ടിംഗ് അടിക്കുക. ഉരസലിനും നിരവധി ആസിഡുകൾ, ക്ഷാരം, ലവണ ലായനികൾ, മാലിന്യങ്ങൾ, മലിനജലം എന്നിവയ്ക്കും എതിരെ മികച്ച പ്രതിരോധം ഇതിനുണ്ട്.